10983
21/10/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വകുപ്പിനു കീഴിലുള്ള ജൂവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ, ചൈൽഡ് വെൽഫയർ കമ്മിറ്റികൾ എന്നിവയുടെ അടിസ്ഥാന സൗകര്യവികസനം - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം. 622/2014/സാനീവ തീയതി, തിരുവനന്തപുരം, 14.10.2014

---

പരാമർശം:- (1) 8.8.2014ലെ സ.ഉ (സാധാ).507/14/സാനീവ നം. ഉത്തരവ്.
(2) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 18.9.2014ലെ ICPS 2/17665/14 നം. കത്ത്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വിവിധ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി 21.7.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പിലെ തീരുമാന പ്രകാരം പരാമർശം ഒന്നു പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ആയതിൽ 16 ജുവനൈൽ ജസ്റ്റിസ് സ്ഥാനപങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 97,54,169/- രൂപയുടെ പ്രൊപ്പോസലിനും തൃശൂർ CWC-യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 1,49,212/- രൂപയുടെ പ്രൊപ്പോസലിനും ഭരണാനുമതി നൽകിയിരുന്നു.

2. പ്രസ്തുത രണ്ട് പ്രൊപ്പോസലും മേൽ സ്ഥാപനങ്ങളിലേക്ക് വിവിധ സാധന സാമഗ്രികൾ വാങ്ങാനുള്ളതാണെന്നും ഭരണാനുമതി നൽകിയ ഉത്തരവിൽ വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളിൽ നിർമ്മാണ പ്രവർത്തി നടത്തുന്നതിനുള്ള അനുമതിയാണ് നൽകിയിരുന്നതെന്നും ആയത് ഭേദഗതി ചെയ്ത് ഉത്തരവു പുറപ്പെടുവിക്കണമെന്നും പരാമർശം രണ്ടു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വകുപ്പിനു കീഴിലുള്ള 16 ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ (ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ എന്നിവിടങ്ങളിൽ) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വിവിധ സാധന സാമഗ്രികൾ 97,54,169/- രൂപ ചെലവഴിച്ച് വാങ്ങുന്നതിനും തൃശൂർ ചൈൽഡ് വെൽഫയർ കമ്മിറ്റിക്കു വേണ്ടി 1,49,212/- രൂപ ചെലവഴിച്ച് ഫർണ്ണീച്ചർ വാങ്ങുന്നതിനും പ്രത്യേക ഭരണാനുമതി നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം ഒന്നിലെ ഉത്തരവ് ഇപ്രകാരമുള്ള ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഇതിനുള്ള ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-61 എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഡോ.കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.